9590
10/5/18

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ കീഴിലുള്ള വിവിധ പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തേക്ക് തടിയേതര ചെറുകിട വനവിഭവ ശേഖരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഇ) വകുപ്പ്

G.O.(Rt)No. 211/2018/F&WLD തീയതി,തിരുവനന്തപുരം, 04/05/2018

| | |
|---|---|
| പരാമർശം: | 1) സർക്കാർ ഉത്തരവ് (സാധാ.)നം. 265/2017/വനം തീയതി 20.07.2017.<br>2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യൂ.) ന്റെ 23.04.2018 തീയതിയിലെ ഇ&റ്റി.ഡബ്ല്യൂ.3-11994/14 എന്ന നമ്പർ കത്ത്. |

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന ഫെഡറേഷന്റെ കീഴിലുള്ള 24 പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തേക്ക് വിവിധ വനം റേഞ്ചുകളിൽ നിന്ന് തടിയേതര വനവിഭവ ശേഖരണത്തിന് സൂചന 1 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2 ) സൂചന 1 ലെ ഉത്തരവിന്റെ സമയ പരിധി 31.03.2018 ൽ അവസാനിച്ച സാഹചര്യത്തിൽ , ഫെഡറേഷന്റെ കീഴിലുള്ള പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തേക്ക് ചെറുകിട വനവിഭവ ശേഖരണത്തിനായി അനുമതി നൽകണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യൂ) സൂചന 2 പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യൂ)ന്റെ ശുപാർശ പ്രകാരം 24പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക്, നിലവിലെ സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെയോ , വനാവകാശ നിയമം 2006 അനുസരിച്ച് റേഞ്ചുകൾക്ക് വനാവകാശങ്ങൾ കൽപ്പിച്ചു നൽകുന്ന തീയതി വരെയോ (ഏതാണോ ആദ്യം വരുന്നത് അതുവരെ) നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തടിയേതര വനവിഭവ ശേഖരണത്തിന് അനുമതി

നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇപ്രകാരം അനുമതി ലഭിച്ച 24 പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് |
|---|---|
| 1 | പോട്ടമാവ് ST സഹകരണ സംഘം |
| 2 | ആര്യങ്കാവ് ST സഹകരണ സംഘം |
| 3 | വഞ്ചിയോട് ST സഹകരണ സംഘം |
| 4 | ചൊള്ളനാവയൽ ST സഹകരണ സംഘം |
| 5 | പെരുന്തേനരുവി ST സഹകരണ സംഘം |
| 6 | സീതത്തോട് ചിറ്റാർ ST സഹകരണ സംഘം |
| 7 | വാഴത്തോപ്പ് ST സഹകരണ സംഘം |
| 8 | അടിമാലി ST സഹകരണ സംഘം |
| 9 | കട്ടം പുഴ ST സഹകരണ സംഘം |
| 10 | കറുമ്പ ST സഹകരണ സംഘം |
| 11 | കോട്ടത്തറ ST സഹകരണ സംഘം |
| 12 | ഷോളയൂർ ST സഹകരണ സംഘം |
| 13 | നിലമ്പൂർ ST സഹകരണ സംഘം |
| 14 | മലമ്പുഴ ST സഹകരണ സംഘം |
| 15 | വിലങ്ങാട് ST സഹകരണ സംഘം |
| 16 | തിരുനെല്ലി ST സഹകരണ സംഘം |
| 17 | മേപ്പാടി ST സഹകരണ സംഘം |
| 18 | സുൽത്താൻ ബത്തേരി ST സഹകരണ സംഘം |
| 19 | പുൽപ്പള്ളി ST സഹകരണ സംഘം |
| 20 | നെടുമ്പോയിൽ ST സഹകരണ സംഘം |
| 21 | ദേവികുളം ST സഹകരണ സംഘം |
| 22 | പനത്തടി ST സഹകരണ സംഘം |

| | |
|---|---|
| 23 | തവിഞ്ഞാൽ ST സഹകരണ സംഘം |
| 24 | തലപ്പിള്ളി ST സഹകരണ സംഘം |

5) സംഘങ്ങൾക്ക് പ്രസ്തുത വിഭവശേഖരണത്തിന് റേഞ്ചുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ &റ്റി.ഡബ്ല്യു) കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA S
DEPUTY SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
അഡി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ &റ്റി.ഡബ്ല്യു.), തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷൻ ,തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
വിവര പൊതുജനസമ്പർക്ക (പ്രസ് റിലീസ്) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ